എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 6, ലക്കം 9 | 2025 സെപ്റ്റംബർ 05



# വൈദ്യുത സുരക്ഷയും ഊർജ്ജ സംരക്ഷണവും ശില്പശാല

വൈദ്യുതി ഉപയോഗിക്കുമ്പോൾ സുരക്ഷാബോധം അനിവാര്യമാണെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്ററും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച "വൈദ്യുത സുരക്ഷയും ഊർജ്ജ സംരക്ഷണവും" എന്ന ശില്പശാലയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വട്ടിയൂർക്കാവ് എം എൽ എ അഡ്വ.വി കെ പ്രശാന്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി മുഖ്യാതിഥിയായിരുന്നു.

2025 ജൂലൈ 17–ന് കൊല്ലം തേവലക്കരയിലെ സ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിയായ മിഥുൻ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട ദാരുണമായ സംഭവം ഓർമ്മിപ്പിച്ച വൈദ്യുതി വകുപ്പ് മന്ത്രി, ഇത്തരം ദുരന്തങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കുന്നതിലും അവബോധം വളർത്തുന്നതിലും കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ആവശ്യപ്പെട്ടു. വൈദ്യുതി നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെങ്കിലും, ശരിയായ അറിവില്ലാതെയും മുൻകരുതലുകളില്ലാതെയും കൈകാര്യം ചെയ്താൽ അത് അപകടകരമാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

സ്കൂൾ സമൂഹത്തിൽ ഈ വിഷയത്തിൽ കൃത്യമായ അവബോധം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ ലക്ഷ്യം മുൻനിർത്തി സംഘടിപ്പിച്ച പരിശീലന പരിപാടി രണ്ട് ഘട്ടങ്ങളായാണ് നടത്തുന്നത്. ആദ്യ ഘട്ടത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 100 അധ്യാപകർക്ക് നേരിട്ടും ബാക്കിയുള്ളവർക്ക് ഓൺലൈനായും "ട്രെയിനിങ് ഓഫ് ട്രെയിനേഴ്സ് (Training of Trainers – ToT)" എന്ന രീതിയിൽ പരിശീലനം നൽകും. രണ്ടാം ഘട്ടത്തിൽ, ഈ പരിശീലനം ലഭിച്ച അധ്യാപകർ അതാത് സ്കൂളുകളിലെ മറ്റ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും വൈദ്യുത സുരക്ഷയിലും ഊർജ്ജ സംരക്ഷണത്തിലും ഒരു മണിക്കൂർ ക്ലാസുകൾ നൽകും. ഈ സംരംഭത്തിലൂടെ സ്കൂളുകൾ കൂടുതൽ സുരക്ഷിതമാക്കാനും ഊർജ്ജം സംരക്ഷിക്കാനും സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. വൈദ്യുത സുരക്ഷ എന്നത് ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും, അത് സമൂഹത്തിന്റെ മൊത്തം കടമയാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. ഓരോ വൈദ്യുത ഉപകരണവും കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത പാലിക്കേണ്ടത് ആവശ്യമാണ്. അതുപോലെ, ഊർജ്ജ സംരക്ഷണം ഭാവി തലമുറയ്ക്കുള്ള നിക്ഷേപമാണെന്നും അദ്ദേഹം പറഞ്ഞു.

ഓരോ യൂണിറ്റ് വൈദ്യുതിയും ശ്രദ്ധയോടെ ഉപയോഗിക്കുന്നത് പരിസ്ഥിതിയെ സംരക്ഷിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാരം കുറയ്ക്കാനും സഹായിക്കും. ഈ സംരംഭത്തിന്റെ വിജയത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, സ്കൂൾ അധികൃതർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ പൂർണ്ണ സഹകരണം അഭ്യർത്ഥിച്ച മന്ത്രി സുരക്ഷിതവും ഊർജ്ജ കാര്യക്ഷമവുമായ ഒരു കേരളം കെട്ടിപ്പടുക്കാൻ ഒരുമിച്ച് പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തു.

ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ ഐ എ എസ് മുഖ്യപ്രഭാഷണം നടത്തി. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി വിനോദ്, പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ(അക്കാദമിക്സ്) സി എ സന്തോഷ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എനർജി മാനേജ്മന്റ് സെന്റർ രജിസ്ട്രാർ സുഭാഷ് ബാബു ബി വി സ്വാഗതവും എനർജി മാനേജ്മെന്റ് സെന്റർ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ നന്ദിയും അറിയിച്ചു.

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിലെ ഹൈസ്കൂളുകളിൽ നിന്നുള്ള തിരഞ്ഞെടുത്ത അദ്ധ്യാപകരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സിറോസ് ശകിൽ കെ എസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷൻ ഓഫീസ് ടീമംഗം വിഷ്ണു നാരായണൻ,എനർജി മാനേജ്മെന്റ് സെന്റർ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ എന്നിവർ സാങ്കേതിക സെഷനുകൾ നയിച്ചു.

# Kerala Charts New Path in Green Construction at Low-Carbon Transition Workshop






The Kerala Building Registry & Low-Carbon Transition Workshop, jointly organized by the Energy Management Centre (EMC) and the Global Green Growth Institute (GGGI), was held on August 27 at Hotel Dimora, Thiruvananthapuram. The event was inaugurated by Shri. K. Krishnankutty, Hon'ble Minister for Electricity, who emphasized Kerala's leadership in advancing energy-efficient and low-carbon building practices. Shri. Puneet Kumar IAS presided over the session, and Dr. R. Harikumar delivered a special address. The workshop brought together experts from GGGI, EESL, IDS, GTBL, and EMC, with key contributions from Julie Robles, Soumya P. Garnaik, Girija Shankar, Ashok Bonam, and Neha Sharma. Key highlights included the launch of the Buildings Registry Approach Document, the signing of Expressions of Interest (EoIs) with stakeholders, and a demonstration of the Building Energy Assessment Tool (BEAT). Interactive sessions and discussions engaged officials from major state departments, architects, energy auditors, and representatives of Confederation of Real Estate Developer's Associations of India (CREDAI), and Builder's Association of India (BAI). The workshop concluded with a call for strengthened collaboration across government, industry, and civil society to accelerate Kerala's transition toward sustainable, energy-efficient, and low-carbon construction practices.



# 79th Independence Day Celebration at Energy Management Centre - Kerala

The Energy Management Centre - Kerala (EMC) proudly celebrated the 79th Independence Day with great enthusiasm and patriotic fervor. The celebrations began with the hoisting of the National Flag by Joint Director Shri. Dinesh Kumar A. N., which was followed by the rendition of the National Anthem. The flag hoisting ceremony symbolized the spirit of freedom, unity, and the collective responsibility to safeguard the values of our democracy. Registrar Shri. B. V. Subhash Babu, along with all EMC staff members, actively participated in the event.





# Kerala Hosts Southern Regional Workshop on Sustainable and Energy-Efficient Buildings

The Southern Regional Workshop on Energy Conservation and Sustainable Building Code, jointly organized by the Energy Management Centre (EMC), Government of Kerala, and the Bureau of Energy Efficiency (BEE), concluded successfully at Udaya Suites Garden Hotel, Thiruvananthapuram. The two-day event conducted on 12th & 13th August, inaugurated by Shri. K. Krishnankutty, Hon'ble Minister for Electricity, brought together more than 60 representatives from across southern states and union territories. Senior officials from Urban Development Departments, Power/Energy Departments, State Designated Agencies (SDAs), and ECSBC Cells actively engaged in deliberations on sustainable construction practices. The sessions featured detailed discussions on Energy Conservation and Sustainable Building Code (ECSBC) Star Labelling of Buildings, and retrofitting of existing infrastructure, with participants highlighting technical Status of energy efficiency activities In building sector while also sharing successful state-level models.

A key highlight was the recognition of Kerala's leadership in notifying the Kerala Energy Conservation and Sustainable Building Code Rules (KECSBCR) 2025, which replaced the 2017 rules and came into effect on March 10, 2025. The revised code integrates climate-responsive, energy-efficient, and environment-friendly guidelines for building design, lighting, air conditioning, renewable energy, and resource management. Sessions on the second day focused on assessing ECSBC implementation across states, fostering stronger inter-agency coordination, and exploring strategies to scale up adoption. The workshop concluded with a collective commitment to accelerate policy measures, build institutional capacity, and mainstream sustainable construction practices in support of India's Net Zero and climate goals.




# Kerala to Organize Sensitization Workshop on State Energy Conservation Awards 2025

Energy Management Centre (EMC), Government of Kerala, has scheduled a sensitization workshop on the Kerala State Energy Conservation Awards (KSECA) 2025 on September 20, 2025, at Lulu IT Twin Towers, Cochin. The awards, which carry cash prizes up to ₹1 lakh along with support for ISO 50001 implementation and energy audits, have grown into a prestigious platform recognizing best practices in energy conservation and motivating organizations toward sustainable energy management.

The workshop will include case studies of past winners, expert insights on energy efficiency strategies, and detailed guidance on the KSECA 2025 application process. Officials from government, industry, and commercial sectors are expected to participate. With limited seats, EMC has urged early registration via https://forms.gle/fnY7ebJ32EE13nCAA






# എനർജി മാനേജ്മെന്റ് സെന്ററിൽ ഹിരോഷിമ അനുസ്മരണം നടന്നു

എനർജി മാനേജ്മെന്റ് സെന്ററും (EMC) അലുമിനി സൊസൈറ്റി ഓഫ് അസ്സോസിയേഷൻ ഫോർ ഓവർസീസ് ടെക്നിക്കൽ കോ-ഓപ്പറേഷൻ ആൻഡ് സസ്റ്റെയിനബിൾ പാർട്ട്നർഷിപ്പ്സ് (ASATC) തിരുവനന്തപുരം സെന്ററും സംയുക്തമായി 80-ാമത് ഹിരോഷിമ ദിനം ആചരിച്ചു. ആണവായുധങ്ങളുടെ വിനാശകരമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ശക്തമായ ഓർമ്മപ്പെടുത്തലായ പരിപാടി, ആഗോള സമാധാനത്തിന്റെയും ഉത്തരവാദിത്തമുള്ള ഊർജ്ജ മാനേജ്മെന്റിന്റെയും പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു.

എനർജി മാനേജ്മെന്റ് സെന്റർ ക്യാമ്പസിൽ "2025 ഉണർവ് & ഹിരോഷിമ ദിന ആചരണം" എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച പരിപാടിയിൽ ഹിരോഷിമ ദുരന്തത്തിലെ ഇരകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. സമാധാനം, ആണവ നിരായുധീകരണം, സുസ്ഥിര ഊർജ്ജ രീതികൾ എന്നിവയുടെ സന്ദേശം പ്രചരിപ്പിക്കുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇ എം സി ഡയറക്ടറും ASATC പ്രസിഡന്റുമായ ഡോ. ആർ. ഹരികുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ആണവായുധങ്ങളുടെ ഉപയോഗം തടയുന്നതിൽ ആഗോള സമൂഹത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

നെടുമങ്ങാട് ദർശൻ ഹയർ സെക്കൻഡറി സ്കൂൾ, പി എം ശ്രീ കേന്ദ്രീയ വിദ്യാലയ എസ്.എ.പി ക്യാമ്പ് പേരൂർക്കട എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. " ആണവയുദ്ധം ഇനിയൊരിക്കലും വേണ്ടേ വേണ്ട" എന്ന സന്ദേശം ഉയർത്തിക്കൊണ്ട് വെളുത്ത ബലൂണുകൾ പറത്തി കുട്ടികൾ സമാധാന പ്രതിജ്ഞയെടുത്തു. ഇ എം സി രജിസ്ട്രാറും ASATC ജനറൽ സെക്രട്ടറിയുമായ സുഭാഷ് ബാബു ബി.വി. സ്വാഗതമാശംസിച്ചു.

ASATC എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രതിഭ, ശിവരാമ മേനോൻ സാർ, റ്റി ഡി കൃഷ്ണകുമാർ സാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. പി.എം.ശ്രീ കേന്ദ്രീയ വിദ്യാലയത്തിലെ നിരഞ്ജൻ എസ്. നായർ, കെസിയ, നെടുമങ്ങാട് ദർശൻ ഹയർ സെക്കൻഡറി സ്കൂളിലെ ഭദ്ര മനോഹർ, അദിതി കൃഷ്ണ എന്നിവർ ഹിരോഷിമ ദിനത്തിന്റെ ചരിത്രപരവും ധാർമ്മികവുമായ പ്രാധാന്യത്തെക്കുറിച്ച് അവതരണങ്ങൾ നടത്തി. ഹിരോഷിമ ബോംബാക്രമണവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം തുടർന്ന് നടന്നു.

ഇ എം സി യിലെ പ്രോജക്ട് എഞ്ചിനീയർ കുമാരി നീനു മറിയം സോളമൻ നടത്തിയ ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സിന് ശേഷം ഊർജ്ജ സംരക്ഷണവും സുസ്ഥിര ജീവിതവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇലക്ട്രിക് സൈക്കിളുകളെക്കുറിച്ചുള്ള പരിചയപ്പെടുത്തൽ സെഷനും നടന്നു. എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ നന്ദി പറഞ്ഞു.

## കേരള സർക്കാർ ഊർജ്ജസംരക്ഷണ അവാർഡ് 2025 അപേക്ഷകൾ ക്ഷണിക്കുന്നു

സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയ കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് 2025ന് അപേക്ഷ ക്ഷണിക്കുന്നു. വൻകിട, ഇടത്തരം, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ/സംഘടനകൾ, ഊർജ്ജ കാര്യക്ഷമ ഉപകരണ പ്രോത്സാഹകർ, ഗ്രീൻ ബിൽഡിംഗ് കൺസൽട്ടൻസി തുടങ്ങി ഏഴ് വിഭാഗങ്ങളിലാണ് അപേക്ഷകൾ.

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി അവാർഡ് നൽകും. വിജയികൾക്ക് ക്യാഷ് പ്രൈസും ഫലകവും, ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടവർക്ക് ISO 50001 നടപ്പാക്കുന്നതിനും ഊർജ്ജ ഓഡിറ്റിനും സാമ്പത്തിക സഹായവും ലഭിക്കും. മാർഗ്ഗരേഖയും അപേക്ഷാ ഫോറവും www.keralaenergy.gov.in-ൽ നിന്ന് ഡൗൺലോഡ് ചെയ്ത് ecawardsemc@gmail.com -ലേക്ക് അയയ്ക്കണം. അവസാന തീയതി: 2025 ഒക്ടോബർ 15. കൂടുതൽ വിവരങ്ങൾക്ക് 0471-2594922/2594924.




| | വിഭാഗം | സമ്മാനം |
|---|---|---|
| 01 | വൻകിട ഊർജ്ജ ഉപഭോക്താക്കൾ | പ്രശസ്തിപത്രം, ഫലകം, ഒരു ലക്ഷം രൂപ |
| 02 | ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ | പ്രശസ്തിപത്രം, ഫലകം, ഒരു ലക്ഷം രൂപ |
| 03 | ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ | പ്രശസ്തിപത്രം, ഫലകം, ഒരു ലക്ഷം രൂപ |
| 04 | കെട്ടിടങ്ങൾ | പ്രശസ്തിപത്രം, ഫലകം, ഒരു ലക്ഷം രൂപ |
| 05 | സംഘടനകൾ/ സ്ഥാപനങ്ങൾ | പ്രശസ്തിപത്രം, ഫലകം, ഒരു ലക്ഷം രൂപ |
| 06 | ഊർജ്ജകാര്യക്ഷമതയുള്ള (BEE Star rated) ഉൽപന്നങ്ങളുടെ പ്രൊമോട്ടർമാർ | പ്രശസ്തിപത്രം, ഫലകം, അമ്പതിനായിരം രൂപ |
| 07 | ആർക്കിടെക്ച്ചറൽ/ ഗ്രീൻ ബിൽഡിംഗ് കൺസൽട്ടൻസി | പ്രശസ്തിപത്രം, ഫലകം, അമ്പതിനായിരം രൂപ |



Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256